# രൂപതയിലെ സമർപ്പിത സമൂഹങ്ങൾ

## *തിരുഹൃദയ ദാസസമൂഹം*

മനുഷ്യസേവനത്തിനും അജപാലന ധർമ്മത്തിനുമൊപ്പം സന്യാസജീവിതത്തിനും പ്രാധാന്യം നൽകുന്നതിന് അഭിവന്ദ്യ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവ് സ്ഥാപിച്ചതാണ് തിരുഹൃദയ ദാസസമൂഹം. കോട്ടയം നഗരത്തിനടുത്ത് തിരുഹൃദയക്കുന്നിൽ 1921 നവംബർ 21ന് ഈ സമൂഹം ആരംഭിച്ചു. എന്നാൽ ഇത് ഔദ്യോഗിക സന്യാസ സമൂഹമായത് 1930 ജനുവരി 29ന് വി. ഫ്രാൻസിസ് ദെസാലെസന്റെ തിരുനാളിലാണ്. തുടർന്ന് അംഗങ്ങളുടെ നിരന്തര പരിശ്രമത്താൽ ഈ സമൂഹം അഭിവൃദ്ധി പ്രാപിച്ചു. ചൂളപ്പറമ്പിൽ പിതാവിന്റെ പിൻഗാമികളായ അഭിവന്ദ്യ തറയിൽ പിതാവും കുന്നശ്ശേരി പിതാവും ഇതിന്റെ ഉന്നമനത്തിന് ശ്രദ്ധചെലുത്തി.

കുന്നശ്ശേരി പിതാവിന് തിരുഹൃദയദാസസമൂഹത്തോട് പ്രത്യേക താല്പര്യമുണ്ട്. പിതാവിന്റെ തിരുഹൃദയഭക്തിയാണ് ഇതിനു കാരണം. പ്രാർത്ഥനയ്ക്കും പഠനത്തിനുമായി പിതാവ് ഇടയ്ക്കിടെ ആഴ്ചകളോളം ഇവിടെ താമസിക്കാറുണ്ട്. പിതാവിന് ആശ്രമത്തോടുള്ള താല്പര്യത്തിന്റെ നിദർശനമാണ് 1978-ൽ കമനീയമായി പുതുക്കിപ്പണിത തിരുഹൃദയക്കുന്ന് ആശ്രമ ദൈവാലയം. ഇവിടുത്തെ വൈദികരുടെ ഉന്നമനത്തോടൊപ്പം വൈദികപരിശീലനം നേടുന്നവരോടും പിതാവ് പ്രത്യേക താല്പര്യം കാണിക്കുന്നു. കിടങ്ങൂരിനടുത്ത് 1985 ഏപ്രിൽ 23ന് സ്ഥാപിതമായ ''സ്നേഹഭവൻ'' തിരുഹൃദയദാസ സമൂഹത്തിന്റെ നോവിഷ്യറ്റ് ഭവനമാണ്. ഇവിടെ ഈ സമൂഹത്തിലെ വൈദിക വിദ്യാർത്ഥികൾ തങ്ങളുടെ പരശീലനഘട്ടത്തിലെ ഒരു വർഷം പ്രാർത്ഥനയ്ക്കും പഠനത്തിനുമായി ഉപയോഗിക്കുന്നു. ഇപ്പോൾ ഈ സമൂഹത്തിൽ 20 വൈദികരും 5 സഹോദരൻമാരും 34 മേജർ സെമിനാരി വിദ്യാർത്ഥികളുമുണ്ട്. കോട്ടയം രൂപതയിലും വിദേശത്ത് ജർമ്മനിയിലും സമൂഹത്തിലെ വൈദികർ സേവനം അനുഷ്ഠിക്കുന്നു.

## *വി.പത്താംപിയൂസിന്റെ മിഷനറി സൊസൈറ്റി*

കോട്ടയം രൂപതാ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചാണ് വി.പത്താപിയൂസിന്റെ മിഷനറി സൊസൈറ്റിയുടെ ആരംഭം. ഈ സമൂഹത്തിന്റെ പ്രധാന ലക്ഷ്യം കോട്ടയം രൂപതയുടെ പ്രേഷിതവൃത്തി മിഷൻ രംഗങ്ങളിലേയ്ക്കും



വി. പത്താം പീയൂസിന്റെ മിഷനറി സെമിനാരി

വ്യാപിപ്പിക്കുക എന്നതാണ്. രൂപതാവൈദികരായിത്തന്നെ നിലകൊള്ളുന്ന ഇവർ ക്നാനായ പൂർവ്വികരുടെ മിഷനറി ചൈതന്യം ഇന്നും തുടരുവാൻ ശ്രമിക്കുന്നു. കുന്നശ്ശേരിപിതാവിന്റെ പ്രത്യേകതാല്പര്യത്താൽ ഉടലെടുത്ത ഈ വൈദിക സമൂഹത്തിന് പിതാവിന്റെ പരിപൂർണ്ണ സഹകരണം ലഭിക്കുന്നു.

ഈ സൊസൈറ്റിയുടെ സുഗമമായ പ്രവർത്തനത്തിനും ഇതിനെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതിനുമായി വൈദികരുടെയും അല്മായരുടെയും അസോസിയേഷനുകൾക്ക് രൂപം കൊടുത്തിട്ടുണ്ട്. മിഷനറി സൊസൈറ്റിയും വൈദികമിഷനറി അസോസിയേഷനും 1985 ജനുവരി 6-ാംതീയതി സ്ഥാപിതമായി. മിഷനറി സൊസൈറ്റിയിൽ 25 വൈദിക അംഗങ്ങളുണ്ട്. അല്മായ മിഷനറി അസോസിയേഷൻ സ്ഥാപിതമായത് കോട്ടയം രൂപതാ പ്ലാറ്റിനം ജൂബിലിയുടെ സമാപന സമ്മേളനത്തിലാണ്. ഹൈറേഞ്ച് മേഖലയിലെ അജപാലനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ തടിയമ്പാട് കേന്ദ്രമായി, മിഷനറി സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ഥാപിതമായ പാസ്റ്ററൽ സെന്റർ പ്രവർത്തിച്ചുവരുന്നു. മിഷനറി സൊസൈറ്റിയുടെ മൈനർ സെമിനാരി തിരുഹൃദയക്കുന്നിൽ പ്രവർത്തിക്കുന്നു. ഇതിന്റെ അടിസ്ഥാനശില 1986 ഫെബ്രുവരി 8-ാം തിയതി നാഗമ്പടം മൈതാനിയിൽവച്ച് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ആശിർവദിച്ചു. സൊസൈറ്റിയിൽ ചേരുന്ന വൈദികവിദ്യാർത്ഥികൾ തങ്ങളുടെ പരിശീലന കാലഘട്ടത്തിലെ ആദ്യത്തെ മൂന്നു വർഷങ്ങൾ പഠനത്തിനും പ്രാർത്ഥനയ്ക്കും രൂപീകരണത്തിനുമായി ചെലവിടുന്നു. ഇന്ന് ഈ സൊസൈറ്റിക്കുവേണ്ടി 18 സഹോദരങ്ങൾ വിവിധമേജർ സെമിനാരികളിൽ പഠിക്കുന്നുണ്ട്. സൊസൈറ്റിയിലെ അംഗങ്ങൾ രൂപതയിലെ അജപാലനപ്രവർത്തനങ്ങളിൽ സജീവമായിപങ്കെടുക്കുന്നതോടൊപ്പം, ഭാരതത്തിനു വെളിയിൽ അമേരിക്കയിലും, ജർമ്മനിയിലും സേവനം അനുഷ്ടിക്കുന്നു.

## *ബനഡിക്ടൈൻ സന്യാസസമൂഹം*

ഒരു വിദേശ സന്യാസസമൂഹമാണ് വല്ലോം ബ്രോസിയൻ സഭ. 1070-ൽ ഇറ്റലിയിലെ ടസ്ക്നിയിൽ വി. ജോൺ ഗിൽബർട്ട് ഈ സന്യാസസഭ സ്ഥാപിച്ചു. ക്ഷമയുടെയും ഔദാര്യത്തിന്റെയും ദീനാനുകമ്പയുടെയും സുകൃതങ്ങൾ അഭ്യസിച്ചു വിശുദ്ധിയാർജ്ജിക്കാൻ ഇവർ ശ്രമിക്കുന്നു. ഇവരുടെ ജീവിതം പ്രവർത്തനനിരതവും പ്രാർത്ഥനാ നിർഭരവുമാണ്.

കാലപ്രയാണത്തിൽ തകർന്നുകൊണ്ടിരുന്ന പ്രാർത്ഥനാനുഭവവും ജീവിത സാക്ഷ്യവും കൂടുതൽ ശക്തമാക്കുവാനും ആർഷഭാരതത്തിൽ ആദ്ധ്യാത്മികതയുടെ പരിമളം നിലനിർത്തുവാൻ സഹായിക്കുന്നതിനുമാണ് ഇത് കോട്ടയം രൂപതയിൽ സ്ഥാപിക്കുവാൻ കുന്നശ്ശേരി പിതാവ് പ്രത്യേക താല്പര്യമെടുത്തത്. ഭാരതത്തിൽ ഈ സന്യാസസഭയുടെ ആദ്യത്തെ ഭവനമാണ് തിരുഹൃദയക്കുന്നിനു സമീപമുള്ള കാർലോസ് ദയറാ. ഇത് 1988 ജൂൺ 20-ന് ആരംഭിച്ചു.

## *വിസിറ്റേഷൻ കോൺഗ്രിഗേഷൻ*

**1892** ജൂൺ 24-ാം തീയതി കൈപ്പുഴയിൽ അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് പിതാവ് വിസിറ്റേഷൻ സഭയ്ക്ക് രൂപം നൽകി. അഭിവന്ദ്യ പിതാക്കൻമാരായ മാർ മത്തായി മാക്കീൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ എന്നിവരുടെ പരിലാളനയിൽ വിസിറ്റേഷൻ സഭ വളർന്നുകൊണ്ടിരുന്നു. ഈ സഭയെ അതിന്റെ പൂർണ്ണതയിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന കാര്യത്തിൽ കുന്നശ്ശേരി പിതാവ് ബദ്ധശ്രദ്ധനാണ്.

മെത്രാനാകുന്നതിനു മുമ്പേ വിസിറ്റേഷൻ സഭയുമായുള്ള അദ്ദേഹത്തിന്റെ ബന്ധം സുദൃഢമായിരുന്നു. 1961ൽ അഭിവന്ദ്യ തറയിൽ പിതാവിന്റെ നിർദ്ദേശാനുസരണം വിസിറ്റേഷൻ സഭയുടെ നിയമാവലി പൗരസ്ത്യ കാനൻ നിയമങ്ങളെ ആസ്പദമാക്കി പരിഷ്ക്കരിക്കുന്നതിൽ പിതാവ് വഹിച്ച പങ്ക് നിസ്തുലമാണ്.

വിസിറ്റേഷൻ സന്യാസിനിമാരിൽ പഠനത്തിൽ സമർത്ഥരായവരെ തെരഞ്ഞെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്നതിൽ പിതാവ് വളരെ ശ്രദ്ധ കാണിക്കുന്നു. അറി

**വിസിറ്റേഷൻ സന്യാസിനിമാരിൽ പഠനത്തിൽ സമർത്ഥരായവരെ തെരഞ്ഞെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്നതിൽ പിതാവ് വളരെ ശ്രദ്ധ കാണിക്കുന്നു. അറിവിന്റെ തലത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ആളുകളുടെ ഇടയിലേയ്ക്ക് കടന്നു ചെല്ലുമ്പോൾ സന്യാസിനികൾ അജ്ഞരായിരിക്കരുത് എന്നുള്ളതാണ് അദ്ദേഹത്തെ ഇതിനായി പ്രേരിപ്പിക്കുന്നത്. വേണ്ടത്ര അറിവുനേടാതെ ഇളം തലമുറയെ നയിക്കാനോ വളർത്താനോ സാദ്ധ്യമല്ലെന്ന ബോദ്ധ്യവും അദ്ദേഹത്തിനുണ്ട്.**

വിന്റെ തലത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ആളുകളുടെ ഇടയിലേയ്ക്ക് കടന്നു ചെല്ലുമ്പോൾ സന്യാസിനികൾ അജ്ഞരായിരിക്കരുത് എന്നുള്ളതാണ് അദ്ദേഹത്തെ ഇതിനായി പ്രേരിപ്പിക്കുന്നത്. വേണ്ടത്ര

അറിവുനേടാതെ ഇളം തലമുറയെ നയിക്കാനോ വളർത്താനോ സാദ്ധ്യമല്ലെന്ന ബോദ്ധ്യവും അദ്ദേഹത്തിനുണ്ട്.

സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടേയും പ്രതിസന്ധികളുടേയും മുമ്പിൽ വിസിറ്റേഷൻ സന്യാസിനികളോട് പിതാവ് പ്രാർത്ഥനാ സഹായം തേടാറുണ്ട്. ഇത് പ്രാർത്ഥനാ ജീവിതത്തിൽ വളരാൻ കൂടി സഹായമാകുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പിതാവ് തൻെറ അധീനതയിലുള്ള സന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ആഗ്രഹിക്കുന്നു. അതിനാൽ കോളേജുകളിലും സ്കൂളുകളിലും ജോലി ചെയ്യുന്ന സിസ്റ്റേഴ്സിൻെറ ശമ്പളത്തിൻെറ ഒരു നിശ്ചിത ശതമാനം രൂപതയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കായി വിനിയോഗിക്കാറുണ്ട്. രൂപതയുടെ മേൽനോട്ടത്തിൽ നടത്തുന്ന വൃദ്ധഭവനങ്ങൾ, ബാലമന്ദിരങ്ങൾ, മന്ദബുദ്ധികേന്ദ്രങ്ങൾ എന്നിവയിൽ സിസ്റ്റേഴ്സിൻെറ സേവനം പ്രയോജനപ്പെടുത്തുന്നു. വടക്കേ ഇൻഡ്യയിലെ ഖാണ്ഡ്വാ, വിദേശരാജ്യങ്ങളായ ഇറ്റലി, ജർമ്മനി, സ്വിററ്സർലണ്ട് എന്നിവിടങ്ങളിലും സേവനത്തിനായി സിസ്റ്റേഴ്സിനെ അയയ്ക്കുന്നുണ്ട്. പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹസഹായം, ഭവനനിർമ്മാണ സഹായം, ഗവ. ഹോസ്പിറ്റലിൻെറ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ ഉപവി പ്രവർത്തനങ്ങളിൽ വിസിറ്റേഷൻ സന്യാസിനികളെ പിതാവു സഹകരിപ്പിക്കുന്നുണ്ട്.

വിസിറ്റേഷൻ സഭയിലേയ്ക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിലും പിതാവ് തല്പരനാണ്. ദൈവവിളി ക്യാമ്പിനു കുട്ടികൾ വരുമ്പോൾ മുതൽ സന്യാസരൂപീകരണത്തിൻെറ ഓരോ ഘട്ടങ്ങളിലും കുട്ടികളെ സന്ദർശിച്ച് അവരുടെ പരിശീലനത്തിൽ പിതാവു ശ്രദ്ധിക്കുന്നുണ്ട്.

പിതാവിന് ഭൂരിഭാഗം സിസ്റ്റേഴ്സിൻേറയും പേരും വീട്ടുപേരും ഇടവകയും കൃത്യമായിത്തന്നെ അറിയാമെന്നത് ഒരു യാഥാർത്ഥ്യമാണ്. രൂപതാ കോൺഗ്രിഗേഷൻ എന്ന നിലയിൽ വിസിറ്റേഷൻ സഭ വളരെയേറെ പുരോഗമനം കൈവരിച്ചിട്ടുണ്ട്, പ്രത്യേകിച്ച് കഴിഞ്ഞ 20 വർഷങ്ങളിലായി. അതിൻെറയെല്ലാം ഉറവിടം പിതാവിൻെറ ഔദാര്യമനസ്ഥിതി തന്നെ.

## സെൻറ് ജോസഫ്സ് കോൺഗ്രിഗേഷൻ

ബഹുമാനപ്പെട്ട പൂതത്തിൽ തൊമ്മിയച്ചൻെറ നേതൃത്വത്തിൽ അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിൻെറ അനുഗ്രഹാശിസ്സുകളോടെ 1928ൽ കൈപ്പുഴയിൽ ആരംഭിച്ചതാണ് സെൻറ് ജോസഫ്സ് സന്യാസിനീ സമൂഹം. അഭിവന്ദ്യ തറയിൽ പിതാവിൻെറ നിർദ്ദേശാനുസരണം നിയമ പണ്ഡിതനായ കുര്യാക്കോസ് കുന്നശ്ശേരിലച്ചൻ ഈ സമൂഹത്തിൻെറ നിയമസംഹിത പരിഷ്ക്കരിച്ചു. അത് സമൂഹത്തിൻെറ വളർച്ചയിലും പ്രവർത്തന ശൈലിയിലും കാര്യമായ സ്വാധീനം ചെലുത്തുന്നു.

പണത്തിൻെറ അഭാവം മൂലം ശാഖാമഠങ്ങൾ ആരംഭിക്കുന്നതിനോ കെട്ടിടങ്ങൾ പണിയുന്നതിനോ കഴിവില്ലാതിരുന്ന കാലത്ത് കടുത്തുരുത്തിയിൽ മഠം ആരംഭിക്കുന്നതിന് ആവശ്യമായ പണം വിദേശത്തുനിന്നും തൻെറ പരിചയത്തിൻെറ അടിസ്ഥാനത്തിൽ വരുത്തുന്നതിന് ബഹു. കുന്നശ്ശേരിലച്ചനു സാധിച്ചു. തറയിൽ പിതാവിൻെറ നിർദ്ദേശപ്രകാരം ആരംഭിച്ച അരീക്കര മഠത്തിൻെറ പണികൾക്കും കുന്നശ്ശേരിലച്ചൻ സാമ്പത്തിക സഹായം ലഭ്യമാക്കി.

**കുന്നശ്ശേരിലച്ചൻ**
**സഹായ**
**മെത്രാനായശേഷം**
**ഏതൊരാവശ്യത്തിനു**
**സമൂഹാംഗങ്ങൾ**
**അഭിവന്ദ്യ തറയിൽ**
**പിതാവിനെ**
**സമീപിച്ചാലും**
**"കൊച്ചു പിതാവിൻെറ**
**അടുക്കലേയ്ക്കു ചെല്ല്"**
**എന്നു പറയുമായിരുന്നു.**
**കുന്നശ്ശേരി**
**പിതാവിൻെറ**
**സംരക്ഷണയിൽ**
**ഈ സമൂഹം**
**വളർന്നുകൊണ്ടിരിക്കുന്നു.**

കുന്നശ്ശേരിലച്ചൻ സഹായമെത്രാനായശേഷം ഏതൊരാവശ്യത്തിനു സമൂഹാംഗങ്ങൾ അഭിവന്ദ്യ തറയിൽ പിതാവിനെ സമീപിച്ചാലും "കൊച്ചു പിതാവിൻെറ അടുക്കലേയ്ക്കു ചെല്ല്" എന്നു പറയുമായിരുന്നു. കുന്നശ്ശേരി പിതാവിൻെറ സംരക്ഷണയിൽ ഈ സമൂഹം വളർന്നുകൊണ്ടിരിക്കുന്നു.

പല സൗകര്യങ്ങൾ കണക്കിലെടുത്ത് കോട്ടയത്ത് ഒരു മഠം സ്ഥാപിക്കണമെന്ന സമൂഹത്തിൻെറ ആഗ്രഹം സഫലമാക്കിക്കൊണ്ട് 27 സെൻറു സ്ഥലവും ഒരു കെട്ടിടവും വാങ്ങുവാൻ പിതാവ് സൗകര്യമുണ്ടാക്കി. സാമ്പത്തിക ഞെരുക്കവും അംഗബലക്കുറവും ഉണ്ടായിരുന്നെങ്കിലും ഹൈറേഞ്ചിലും മലബാറിലും ശാഖകൾ ആരംഭിച്ചു സേവനം ചെയ്യുവാൻ പിതാവ് പ്രോത്സാഹനം നല്കിപ്പോന്നു.

അംഗങ്ങൾക്ക് സ്വദേശത്തും വിദേശത്തും ദൈവശാസ്ത്രം പഠിക്കുവാൻ പിതാവ് അവസരങ്ങൾ ഒരുക്കി. ഉപരിപഠനത്തോടൊപ്പം സന്യാസിനികൾ കുറവുള്ള പ്രദേശങ്ങളിൽ സേവനം ലഭ്യമാക്കുന്നതിനും സാമ്പത്തിക ഞെരുക്കം ലഘൂകരിക്കുന്നതിനുമായി വിദേശ രാജ്യങ്ങളിലെ വൃദ്ധമന്ദിരങ്ങൾ, ബധിരസങ്കേതങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതിനും പിതാവു പ്രോത്സാഹനം നല്കി.

വടക്കേ ഇന്ത്യയിലെ മിഷൻ പ്രവർത്തനത്തിൽ സമൂഹത്തെ ഭാഗഭാക്കാക്കുന്നതിന് ഗുജറാത്തിലെ രാജ്ക്കോട്ട് രൂപതയിൽ സഹോദരിമാരെ അയയ്ക്കുവാൻ പിതാവ് പ്രോത്സാഹനവും അനുവാദവും നല്കി. അവിടെ സെൻറ് ജോസഫ്സ് സമൂഹത്തിലെ സന്യാസിനികൾ മൂന്നു മഠങ്ങളിലായി താമസിച്ചുകൊണ്ട് അഞ്ചു സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നു.

സമൂഹാംഗങ്ങളുടെ പരിശീലനത്തിന് ഏറെ സഹായകമാം വിധം തിരുഹൃദയക്കുന്നിനടുത്ത് ജനറലേറ്റും നൊവീഷ്യേറ്റ് ഭവനവും ബാംഗ്ലൂരിൽ ഒരു സ്റ്റഡീഹൗസും തുടങ്ങുവാൻ പിതാവ് പ്രോത്സാഹനം നല്കി. കൂടാതെ കല്ലറയിലും തെള്ളിത്തോട്ടിലും പ്രാർത്ഥനാഭവനങ്ങൾ ആരംഭിച്ചു. ഈ സമൂഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ മന്ദബുദ്ധി കേന്ദ്രങ്ങൾ, വികലാംഗ ഭവനങ്ങൾ, റീഹാബിലിറ്റേഷൻ സെൻററുകൾ, വൃദ്ധമന്ദിരം, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ മുതലായവയ്ക്കു പിന്നിലും അഭിവന്ദ്യ കുന്നശ്ശേരി പിതാവിന്റെ പിന്തുണയാണുള്ളത്.

## *കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്*

സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളെപ്പറ്റി അധികമൊന്നും അറിവില്ലായിരുന്ന ഒരു കാലഘട്ടത്തിൽ കേരളത്തിൽ ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തറയിൽ പിതാവിന്റെ വലംകൈ ആയി പ്രവർത്തിച്ചത് കുന്നശ്ശേരി പിതാവായിരുന്നു. സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചൈതന്യത്തിനനുസൃതമായി നിയമാവലി എഴുതിയുണ്ടാക്കി റോമിൽനിന്നും അംഗീകാരം നേടുന്നതിനും കുന്നശ്ശേരി പിതാവുതന്നെയാണ് മുഖ്യപങ്കു വഹിച്ചത്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യത്തെ സ്പിരിച്വൽ ഡയറക്ടറായി തറയിൽ പിതാവ് നിയമിച്ചത് കുന്നശ്ശേരി പിതാവിനെയാണ്.

പ്രത്യേക വേഷവിധാനങ്ങളില്ലാതെ, എല്ലാത്തരത്തിലുമുള്ള ആളുകളുമായി ഇടപഴുകുവാൻ അവസരങ്ങൾ ധാരാളം ഉണ്ടാകുന്നതുകൊണ്ട് വിശുദ്ധിക്ക് അങ്ങേയറ്റം പ്രാധാന്യം നല്കണമെന്ന് പിതാവ് ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളെ ഉപദേശിച്ചിരുന്നു. ആദ്ധ്യാത്മിക വളർച്ചയോടൊപ്പം ഭൗതികവളർച്ചയിലും പിതാവ് ശ്രദ്ധിച്ചിരുന്നു. "വിദ്യാഭ്യാസമാണ് നിങ്ങളുടെ ധനം, വിദ്യാഭ്യാസംവഴി നിങ്ങൾക്ക് ലഭിക്കുന്ന അറിവുപയോഗിച്ച് മനുഷ്യസേവനം ചെയ്യണം" എന്ന് ഊന്നിപ്പറയുമായിരുന്ന പിതാവ്, വിവിധ വിദ്യാഭ്യാസ യോഗ്യതകൾ നേടുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിനെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിന് കാലാനുസൃതമായ സഹായസഹകരണങ്ങൾ പിതാവിന്റെ കരങ്ങളിൽ നിന്ന് ലഭിച്ചതുകൊണ്ടാണ് ഇന്ന് കാരിത്താസ് ഇൻസ്റ്റിറ്റ്യൂട്ട് ഈ നിലയിൽ എത്തിച്ചേർന്നിരിക്കുന്നത്.

## *വി. ജോൺ ഗ്വൽബർട്ടിന്റെ കുഞ്ഞുമക്കൾ*

'പ്രാർത്ഥനയും പ്രവർത്തനവും' എന്ന യേശുവിന്റെ മുദ്രാവാ



വി. ജോൺ ഗ്വിൽബർട്ടിന്റെ കോതനല്ലൂരുള്ള ഭവനം

ക്യം ജീവിതസത്തയായി സ്വീകരിച്ച് വൃദ്ധസംരക്ഷണം, ആതുരസേവനം, നേഴ്സറി സ്ക്കൂളുകൾ, പാചകപരിശീലനം തുടങ്ങിയ പ്രവർത്തികളിലൂടെ വിശുദ്ധിയുടെ പടവുകൾ ചവുട്ടിക്കയറാൻ യേശുമാർഗ്ഗം സ്വീകരിച്ചവരാണ് വി. ജോൺ ഗ്വാൽബർട്ടിൻെറ കുഞ്ഞുമക്കൾ. 1975 ജൂലൈ 9ന് പേർഷ്യയിലായിരുന്നു ഈ സമൂഹത്തിൻെറ ജൻമം. കുന്നശ്ശേരി പിതാവിൻെറ പ്രത്യേക താല്പര്യത്താലും പ്രോത്സാഹനത്താലും ഇതിൻെറ ശാഖ 1985 സെപ്തംബർ 8-ാം തീയതി കോതനല്ലൂരിൽ സ്ഥാപിതമായി.

### *സിസ്റ്റേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് പ്രൊവിഡൻസ്*

സന്യാസിനിസമൂഹത്തിൻെറ ആരംഭം ഫ്രാൻസിലാണ്. പ്രധാനമായും വിദേശത്താണ് ഇവർക്ക് ഭവനങ്ങളുള്ളത്. ഇന്ത്യയിൽ ഇവർക്ക് നാലു ഭവനങ്ങളാണുള്ളത്. അതിൽ മൂന്നും ഉത്തർപ്രദേശിലാണ്.

> **സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളെപ്പറ്റി അധികമൊന്നും അറിവില്ലായിരുന്ന ഒരു കാലഘട്ടത്തിൽ കേരളത്തിൽ ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തറയിൽ പിതാവിൻെറ വലംകൈ ആയി പ്രവർത്തിച്ചത് കുന്നശ്ശേരി പിതാവായിരുന്നു.**

പിതാവിൻെറ പ്രത്യേക അനുഗ്രഹത്താലും താല്പര്യത്താലും കോട്ടയം രൂപതയിലെ വാകത്താനം ഇടവകയിൽ ഇവർ ഒരു ഭവനവും സ്ഥാപിച്ചു. ഇടവകയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് നേതൃത്വം നല്കുന്നതോടൊപ്പം ഇവർ അദ്ധ്യാപനം ആതുരസേവനം തുടങ്ങിയ മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നു.

### *ഡോട്ടേഴ്സ് ഓഫ് ദെ ചാരിറ്റി ഓഫ് ദെ മോസ്റ്റ് പ്രേഷ്യസ് ബ്ലെഡ്.*

സന്യാസിനി സമൂഹത്തിൻെറ സ്ഥാപകൻ ഫാ. തോമസ് മുറിയഫൂസ്ക്കോയാണ്. ഇതിൻെറ ആരംഭം ഇറ്റലിയിലാണ്. ഇടവകയുടെ ആദ്ധ്യാത്മികോന്നമനത്തിന് നേതൃത്വം നല്കുന്നതിനു പുറമേ വിദ്യാഭ്യാസം , ആതുരസേവനം എന്നീ തലങ്ങളിലും ഇവർ ഇന്ന് പ്രവർത്തിക്കുന്നു. അഭിവന്ദ്യ കുന്നശ്ശേരി പിതാവിൻെറ പ്രോത്സാഹനത്താൽ ഇവർ കോട്ടയം രൂപതയിൽ ചേറ്റുകുളത്തും കിഴൂരും ഭവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മലയാറ്റൂരിനടുത്ത് നീലേശ്വരത്താണ് കേരളത്തിലെ ഇവരുടെ മറ്റൊരു ഭവനം.

Best Compliments From

B.C.M.COLLEGE
KOTTAYAM

ആശംസകൾ !

ആകർഷണീയമായ പലിശനിരക്കിൽ
നിക്ഷേപങ്ങൾ സ്വീരിക്കുകയും,
കുറഞ്ഞനിരക്കിൽ വായ്പകൾ നല്കുകയും
ചെയ്യുന്ന 'കൈപ്പുഴ'യിലെ ഏകസ്ഥാപനം.

കൈപ്പുഴ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 3793

പി. എൻ. കുമാരൻ
പ്രസിഡൻറ്

കെ. യു. ജോസഫ്
സെക്രട്ടറി